**കെ.ഐ .പ്രദീപ് കുമാർ ഐ.എഫ്.എസ്**
**ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ**

ഡിവിഷണൽ ഫോറസ്റ്റ് ആഫീസ്
തിരുവനന്തപുരം-695014
e-mail:dfo.tvm.for@kerala.gov.in
dfotrivandrum@gmail.com
Phone 0471-2320637

**ജി3-422/2017**

തീയതി: 06.01.2022.

സ്വീകർത്താവ്

അസിസ്റ്റന്റ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സെക്ഷൻ,
കെ.എസ്.ഇ.ബി. ലിമിറ്റഡ്,
പെരിങ്ങമ്മല – 695 563.

സർ,

വിഷയം : വനം വകുപ്പ് – തിരുവനന്തപുരം വനം ഡിവിഷൻ – ഫോറസ്റ്റ് ക്ലിയറൻസ് വെബ് പോർട്ടലിൽ നിന്നും ആവശ്യമില്ലാത്ത പ്രൊപ്പോസലുകൾ പിൻവലിയ്ക്കുന്നത് – സംബന്ധിച്ച്.

സൂചന: പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) & നോഡൽ ആഫീസർ എഫ്(സി)ആക്ട് & ക്യാമ്പ അവർകളുടെ 02.08.2018ലെ എഫ്.സി2–25849/2017 നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി വനഭൂമിയിൽ കൂടി വൈദ്യുതി ലൈനുകൾ സ്ഥാപിക്കുന്നതിനായി ഫോറസ്റ്റ് ക്ലിറൻസ് പോർട്ടലിൽ സമർപ്പിച്ചിരുന്നതും എന്നാൽ വനാവകാശ നിയമപ്രകാരം അനുമതി നൽകിയിട്ടുള്ളതുമായ 11 പ്രൊപ്പോസലുകൾ ഫോറസ്റ്റ് ക്ലിയറൻസ് പോർട്ടലിൽ നിന്നും പിൻവലിയ്ക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ മുഖേന സമർപ്പിക്കുവാൻ സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നവെങ്കിലും നാളിതുവരെ തുടർനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. സൂചന കത്തിന്റെ പകർപ്പ് ഒരിക്കൽ കൂടി ഉള്ളടക്കം ചെയ്യുന്നു. ടി കത്തിൽ പ്രതിപാദിക്കുന്ന 11 പ്രൊപ്പോസലുകളും പിൻവലിക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷ 7 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് കർശനമായി നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

**ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ,**
**തിരുവനന്തപുരം.**

പകർപ്പ്:

1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & നോഡൽ ആഫീസർ, എഫ്(സി) ആക്ട് & ക്യാമ്പ അവർകളുടെ അറിവിലേയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.
2. സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അവർകളുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

55

5131

**അടിയന്തരം**

**FC2 - 25849/2017**

ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്,
വഴുതക്കാട്,
തിരുവനന്തപുരം
തീയതി : **02.08.2018**

DFO
SS 13/8/18
JS
HA
Secti. G3

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
(ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) &
നോഡൽ ഓഫീസർ എഫ് (സി) ആക്ട് & ക്യാമ്പ
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്,
തിരുവനന്തപുരം.

അസിസ്റ്റന്റ് എഞ്ചിനിയർ,
ഇലക്ട്രിക്കൽ സെക്ഷൻ,
കെ.എസ്.ഇ.ബി.എൽ., പെരിങ്ങമ്മല - 695563.

സർ,

വിഷയം:- വനം വകുപ്പ് - ഫോറസ്റ്റ് ക്ലിയറൻസ് വെബ് പോർട്ടലിൽ നിന്നും ആവശ്യമില്ലാത്ത പ്രൊപ്പോസലുകൾ പിൻവലിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 23.07.2018 ലെ ഉന്നത തല കമ്മിറ്റിയുടെ തീരുമാനം.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി വനഭൂമിയിൽ കൂടി വൈദ്യുതി ലൈനുകൾ സ്ഥാപിക്കുന്നതിനായി ഫോറസ്റ്റ് ക്ലിയറൻസ് വെബ്ബ് പോർട്ടലിൽ താങ്കൾ സമർപ്പിച്ചിരുന്ന താഴെ പറയുന്ന പ്രൊപ്പോസലുകൾ ഇതിനകം വനാവകാശ നിയമ പ്രകാരം അനുമതി നേടിയവയാണെന്ന് അറിയുന്നു. ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ റിവ്യൂ മീറ്റിംഗിൽ ഇക്കാര്യം ചർച്ചയ്ക്കു വരികയും 10 ദിവസത്തിനകം അനാവശ്യമായ ഇത്തരം പ്രൊപ്പോസലുകൾ ഫോറസ്റ്റ് ക്ലിയറൻസ് വെബ്ബ് പോർട്ടലിൽ നിന്നും പിൻവലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഈ കത്ത് കിട്ടി 7 ദിവസത്തിനകം താഴെ പറയുന്ന പ്രൊപ്പോസലുകളിന്മേൽ തുടർ നടപടി ആവശ്യമില്ലാത്തവ വെബ് പോർട്ടലിൽ നിന്ന് പിൻവലിക്കുന്നതിന് അപേക്ഷ ഓൺലൈൻ മുഖേന സമർപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും സഹായം ആവശ്യമാണെങ്കിൽ ഈ ഓഫീസുമായി ബന്ധപ്പെടണമെന്ന് നിർദ്ദേശിക്കുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ അടിയന്തിര നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ കാലതാമസം അനുവദനീയമല്ല.

List:- FP/KL/VELEC/24062/2017
FP/KL/VELEC/23878/2017
FP/KL/VELEC/23877/2017

DFO . TVM

FP/KL/VELEC/23875/2017 ✓

FP/KL/VELEC/23871/2017

FP/KL/VELEC/23869/2017 ✓

FP/KL/VELEC/23868/2017 ✓

FP/KL/VELEC/23787/2017

FP/KL/VELEC/23533/2017

FP/KL/VELEC/23530/2017

FP/KL/VELEC/23391/2016

വിശ്വസ്തതയോടെ

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) &
നോഡൽ ഓഫീസർ എഫ് (സി) ആക്ട് &
ക്യാമ്പ

പകർപ്പ് : ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തിരുവനന്തപുരത്തിന് - താങ്കളുടെ പോർട്ടലിൽ നിലനിൽക്കുന്ന പ്രൊപ്പോസലുകളിൽ യൂസർ ഏജൻസി താല്പര്യം കാണിക്കാത്ത പ്രൊപ്പോസലുകൾ അടിയന്തരമായി പിൻവലിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം 7 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.